കൾക്ക് പരിശീലനം കൊടുക്കുന്ന ഒരു സ്ഥാപനമാണ്. അതുപോലെ പുതിയ പുതിയ കോഴ്സുകളിൽ വർക്കുകൾ ഏറ്റെടുത്തുകൊണ്ട് വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനവുമാണ്. 1999-2000-ൽ 797 ലക്ഷം രൂപ വരുമാനമുണ്ടായി, 2000-2001-ൽ 950 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു. അത്തരത്തിൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ്. ഇപ്പോൾ പ്രതിസന്ധിക്കുള്ള പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് ഗവൺമെന്റിന്റെ വർക്കുകൾ ചെയ്തുകൊടുക്കുമ്പോൾ അതിന് കിട്ടാനുള്ള വരുമാനം സമയത്ത് കിട്ടുന്നില്ല, അത് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് വരുന്നതാണ്. അതുകൊണ്ടാണ് ശമ്പളം കൊടുക്കാൻ നമുക്ക് കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നത്. എങ്കിലും ഓരോ യൂണിറ്റിലും അത് നിലനിൽക്കുന്നതിനാവശ്യമായ വർക്കുകൾ കണ്ടെത്തണമെന്നുള്ള കർശനമായ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ജീവനക്കാർതന്നെ ഓർഡറുകൾ തേടി അവിടെ വർക്കുകൾ നടത്തുക, ട്രെയിനിംഗ് ഫലപ്രദമാക്കുക അത്തരത്തിൽ സാമ്പത്തികനില മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി ബഹു.ശ്രീ. സത്യൻമൊകേരി പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എന്റെ മണ്ഡലമായ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ മണനാക്ക്-മീനാങ്കടവ് റോഡ്, കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, മുടപുരം-മുട്ടപ്പനം റോഡ്, പട്ടം താണുപിള്ള റോഡ് ഇതെല്ലാം പി.ഡബ്ല്യൂ.ഡി.റോഡുകളാണ്. ഈ റോഡുകളിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ നിർവ്വാഹമില്ലെന്നു മാത്രമല്ല ആളുകൾക്ക് സഞ്ചരിക്കാൻപോലും നിർവ്വാഹമില്ലാത്ത നിലയിലാണ് കിടക്കുന്നത്. രണ്ടു വർഷത്തിനുമുൻപ് കടയ്ക്കാവൂർ റോഡിൽ മീനാങ്കടവ്-മണനാക്ക് റോഡിൽ കുറേ ചല്ലി ഇറക്കിയിട്ടിട്ടുണ്ട്. അതിന് ടാർ കിട്ടുന്നില്ല എന്നുപറഞ്ഞ് അത് പണിചെയ്യാതിരിക്കുകയാണ്. ചല്ലി നാട്ടുകാർ വാരികൊണ്ടുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. ഈ പണി തീർക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അടിയന്തിരമായി അതിന്റെ പാച്ച്വർക്ക് എങ്കിലും ചെയ്യാൻ ബഹു.മന്ത്രി നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണനാക്ക്- മീനാങ്കടവ് റോഡ്, കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, മുടപുരം-മുട്ടപ്പനം റോഡ്, പട്ടം താണുപിള്ള റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണമെന്ന ബഹു.മെമ്പറുടെ ആവശ്യം ഗവൺമെന്റ് പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ കീഴിലുള്ള മണനാക്ക്-മീനാങ്കടവ് റോഡിലെ റീ-ടാറിംഗ് പണി ഈ മാസം അവസാനത്തോടെ ചെയ്തുതീർക്കാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, പട്ടം താണുപിള്ള റോഡ് എന്നിവയുടെ അത്യാവശ്യം അറ്റകുറ്റപ്പണികളും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. മുടപുരം-മുട്ടപ്പനം റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly